LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ

72 (2347) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ഏതെല്ലാം ജീവനക്കാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എന്നു മുതലാണ് ഒഴിഞ്ഞു കിടക്കുന്നത്; അതിൽ ജീവനക്കാരെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നിലവിലുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

ആശുപത്രി	തസ്തിക	ഒഴിവ്
താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര	ജൂനിയർകൺസൾട്ടന്റ് ഇ.എൻ.ടി.	1
	ജൂനിയർ കൺസൾട്ടന്റ് ഓർത്തോ	1
	ജൂനിയർ ലാബ് അസിസ്റ്റന്റ്	1
	നഴ്സിംഗ് അസിസ്റ്റന്റ്	3
	ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2	3
നെടുമൺകാവ് സി.എച്ച്.സി	സിവിൽ സർജൻ	1
കുളക്കട സി.എച്ച്.സി.	സിവിൽ സർജൻ	1
	ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II	2
	പി.റ്റി.എസ്.	1
	ഡ്രൈവർ	1
എസ്.എൻ.പുരം പി.എച്ച്.സി.	ക്ലാർക്ക്	1
ഉമ്മന്നൂർ പി.എച്ച്.സി.	ക്ലാർക്ക്	1
എഴുകോൺ പി.എച്ച്.സി.	ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II	1

(ബി) കൊട്ടാരക്കര താലൂക്കാശുപത്രി

ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.)	-3-3-2015 മുതൽ ഒഴിഞ്ഞു കിടക്കുന്നു.
ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)	-31-5-2015 മുതൽ ഒഴിഞ്ഞു കിടക്കുന്നു.

നെടുമൺകാവ് സി.എച്ച്.സി.

സിവിൽ സർജൻ	-2015 ഡിസംബർ മുതൽ

കുളക്കട സി.എച്ച്.സി.

സിവിൽ സർജൻ	-2015 ഡിസംബർ മുതൽ

ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ നികത്തുന്നതിനായി ജനറൽ കേഡറിൽ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് തെരഞ്ഞെടുക്കുന്ന ഡോക്ടർമാരെ ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ച് ഒഴിവ് നികത്തുന്നതാണ്. ഡി.പി.സി.-യുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകി സിവിൽ സർജൻ തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഡ്രൈവർ തസ്തിക രണ്ട് വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നു. ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.എൽ.പുരം, സി.എച്ച്.സി.-യിലെ ക്ലാർക്ക് മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതിനാൽ 2015 ജൂലൈ മുതൽ ഒഴിഞ്ഞ് കിടപ്പുണ്ട്. ഉമ്മന്നൂർ പി.എച്ച്.സി.യിലെ ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊട്ടാരക്കര താലൂക്കാശുപത്രി :

ജൂനിയർ ലാബ് അസിസ്റ്റന്റ്	-	2015 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു.
നഴ്സിംഗ് അസിസ്റ്റന്റ്	-	2015 ഒക്ടോബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്- II	-	2015 ഒക്ടോബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കളക്കട സി.എച്ച്.സി.:

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II - 2015 നവംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

പി.റ്റി.എസ്. - 2015 സെപ്തംബർ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

എഴുകോൺ പി.എച്ച്.സി.

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-II - 2015 ജൂലൈ മുതൽ ഒഴിഞ്ഞു കിടക്കുന്നു.

ജൂനിയർ ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ നിയമനാധികാരി ജില്ലാ മെഡിക്കൽ ഓഫീസറാണ്. പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 തസ്തികകളുടെ പ്രൊമോഷൻ തസ്തികയാണ് ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ് എന്നിവ ആയതിനാൽ ടി ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

73 (2348) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് -സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ കെട്ടിടം പണിയുന്നതിനായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും ;വിശദാംശം വെളിപ്പെടുത്താമോ ?